# തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

**സംഗ്രഹം**

Right of Persons with Disabilities Act പ്രകാരമുള്ള ക്ലാർക്ക് തസ്തികയിലേയ്ക്ക് 2022 കാലയളവിലെ ഒഴിവുകളിലേയ്ക്കുള്ള നിയമനം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആർ.ഒ.സി.13693/21/MIS-A/എസ്റ്റ-എ — തീയതി:18/12/2023

സൂചന:- 1) ബഹു:ഹൈക്കോടതി WP ( C) 20301/2022 നമ്പർ കേസിൽ 04/07/2023 ൽ പുറപ്പെടുവിച്ച വിധിന്യായം

2) 11/12/2023-ലെ ROC.245/09/Est-1 നമ്പർ ബോർഡ് ഉത്തരവ്.

**ഉത്തരവ്**

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് ബൈട്രാൻസ്ഫർ/പ്രൊമോഷൻ നിയമനം നൽകുന്നത് സംബന്ധിച്ച് അമ്പലപ്പുഴ ഗ്രൂപ്പിലെ തകഴി സബ്ഗ്രൂപ്പിലെ കാമപുരം ദേവസ്വം വാച്ചർ ശ്രീ.എസ്.മധു മുതൽ പേർ ഫയൽ ചെയ്തിരുന്ന WP (C) 20301/2022 നമ്പർ കേസ് തീർപ്പാക്കികൊണ്ട് ബഹു:ഹൈക്കോടതി പുറപ്പെടുവിച്ച സൂചന (1) വിധിന്യായത്തിൽ, ഹർജിക്കാരുടെ ആവശ്യം പരിശോധിച്ച് 03 മാസത്തിനകം തീരുമാനം കൈകൊള്ളണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്.

തുടർന്ന്, സൂചന (2) ബോർഡ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് ക്ലാർക്ക് തസ്തികയിലേയ്ക്ക് 2022 കാലയളവിലെ ബൈട്രാൻസ്ഫർ പ്രൊമോഷൻ നൽകുന്നതിനായി അംഗീകരിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെ വിവരിക്കുന്നവർക്ക് 2022-ലെ ഒഴിവിലേയ്ക്ക് ക്ലാർക്ക് തസ്തികയിൽ 26,500- 60,700 ശമ്പള സ്കെയിലിൽ നിയോഗിച്ച് ഉത്തരവാകുന്നു.

| കാറ്റഗറി-എ (അന്ധതയും, കാഴ്ചക്കുറവും) | | |
|---|---|---|
| ക്രമ നമ്പർ | പേര്, തസ്തിക, ദേവസ്വം | സ്ഥാനക്കയറ്റം നൽകുന്ന തസ്തിക, സ്ഥലം |
| 1. | ശ്രീ.എസ്.ആർ.സന്തോഷ്കുമാർ<br>കഴകം, ചെറുപഴഞ്ഞിക്കാവ് ദേവസ്വം<br>തളിയൽ സബ്ഗ്രൂപ്പ്<br>തിരുവനന്തപുരം ഗ്രൂപ്പ് | സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ<br>തിരുപുറം സബ്ഗ്രൂപ്പ്<br>നെയ്യാറ്റിൻകര ഗ്രൂപ്പ് |
| കാറ്റഗറി-ബി (ബധിരതയും, കേൾവിക്കുറവും) | | |
| 1. | ശ്രീ.എസ്.മധു<br>വാച്ചർ, കാമപുരം ദേവസ്വം<br>തകഴി സബ്ഗ്രൂപ്പ്, അമ്പലപ്പുഴ ഗ്രൂപ്പ് | സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ<br>തകഴി സബ്ഗ്രൂപ്പ്<br>(Against Vacancy)<br>അമ്പലപ്പുഴ ഗ്രൂപ്പ് |

ഇപ്രകാരം സൂചന (1) വിധിന്യായം നടപ്പിലാക്കികൊണ്ട് ഉത്തരവാകുന്നു.

കൂടാതെ, അമ്പലപ്പുഴ ഗ്രൂപ്പിലെ തകഴി സബ്ഗ്രൂപ്പ് ആഫീസർ ശ്രീ.ഹെവിൻ ശ്രീരാഗിന്റെ ലീൻ അമ്പലപ്പുഴ ഗ്രൂപ്പിലെ കുട്ടുമ്മേൽ സബ്ഗ്രൂപ്പിലേയ്ക്ക് മാറ്റിയും ഉത്തരവാകുന്നു.

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
3. സെക്ഷൻ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ

(അഡ്മിനിസ്ട്രേഷൻ)

AR.13/12